LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി.-യുമായി കെ.എസ്.ആർ.ടി.സി. ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ആലുവ റീജിയണൽ വർക്ക്ഷോപ്പിൽ സി.എൻ.ജി. ഫ്യൂൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. നിലവിൽ സർവ്വീസ് നടത്തുന്ന ഒരു സി.എൻ.ജി. ബസിന്റെ ഇന്ധനം എറണാകുളത്തുള്ള സ്വകാര്യ പമ്പിൽനിന്നും നിറച്ച് സർവ്വീസ് നടത്തുന്നുണ്ട്. എൽ.എൻ.ജി. ഇന്ധനത്തിൽ ഓടുന്ന രണ്ട് ബസുകൾക്ക് മൂന്ന് മാസത്തേയ്ക്കുള്ള ഇന്ധനം കൊച്ചിയിലുള്ള പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനം നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിന് പുതിയ പദ്ധതികൾ

230 (4618) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിനും ഗ്രാമീണ മേഖലകളിലടക്കം ബസുകൾ ഓടിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റ് കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ്, മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും ഉപയോഗിക്കുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. ഗ്രാമീണ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഗ്രാമവണ്ടി' എന്ന ഒരു ആശയം മുന്നോട്ടുവന്നിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. പൊതു ജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ Bus utilization, mileage, സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. മേൽസൂചിപ്പിച്ച കാര്യങ്ങളെലാം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ലാഭം

231 (4619) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിയിരുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യുടെ താത്കാലിക കണക്കുപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ലാഭകരമായിരുന്നില്ല. 2019-20 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം 2016-17 വർഷം 1,696.34 കോടി രൂപ, 2017-18 വർഷം 1,718.25 കോടി രൂപ, 2018-19 വർഷം 1,205.22 കോടി രൂപ, 2019-20 വർഷം 1,204.05 കോടി രൂപ എന്നിങ്ങനെയാണ്.